# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1045

20.03.2012 -ൽ
മറുപടിയ്ക്ക്

### യു. ജി. സി യോഗ്യതയുള്ള അദ്ധ്യാപകരുടെ ശമ്പള വർദ്ധനവ്

ചോദ്യം
ശ്രീ കെ രാജു

മറുപടി
ശ്രീ. പി. കെ അബ്ദുറബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) 1-1-1996 നും അതിനുശേഷവും സംസ്ഥാനത്തെ കോളേജുകളിൽ നിയമനം ലഭിച്ച യു.ജി.സി യോഗ്യതയുള്ള അദ്ധ്യാപകർക്ക് അടിസ്ഥാന ശമ്പളം ഉയർത്തി നൽകിയ ഉത്തരവ് ഏതെന്ന് വ്യക്തമാക്കുമോ;ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എ) 01.01.1996 ന് ശേഷം സ്റ്റേറ്റ്സ്കെയിലിൽ നിയമിതരായ യുജിസി യോഗ്യതയുള്ള അദ്ധ്യാപകർക്ക് അടിസ്ഥാന ശമ്പളം ഉയർത്തി നൽകുന്നതിലേക്കായി പ്രത്യേക ഉത്തരവുകളൊന്നും സർക്കാർ ഇറക്കിയിട്ടില്ല.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം അടിസ്ഥാന ശമ്പളം 2060 രൂപയിൽ നിന്നും 8000 രൂപയായി ഉയർത്തി ലഭിക്കേണ്ട കൊല്ലം പുനലൂർ ശ്രീനാരായണ കോളേജിലെ അദ്ധ്യാപകരായ ശ്രീ. ബൈജു. എസ്, ശ്രീ . അനിൽ കുമാർ എസ് എന്നിവർക്കെതിരെ സർക്കാർ കേസ് നടത്താനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് കോളേജ് അദ്ധ്യാപകരെ നിയമിക്കുന്നത് കോളേജ് മാനേജ്മെന്റാണ്. യു. ജി സി സ്കീമിൽ വരുന്ന ഒഴിവുകളാണോ അല്ലയോയെന്ന് തിരിച്ചറിഞ്ഞ് യു. ജി സി സ്കെയിലിലോ സ്റ്റേറ്റ് സ്കെയിലോ നിയമനം നടത്തേണ്ടത് കോളേജ് മാനേജ്മെന്റാണ്. ഇത്തരത്തിൽ സ്റ്റേറ്റ് സ്കെയിലിൽ നിയമിതരായവർക്ക് അടിസ്ഥാന ശമ്പളം ഉയർത്തി നൽകാനായി പ്രത്യേക ഉത്തരവുകളൊന്നും സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. ആയതിനാലാണ് സ്റ്റേറ്റ് സ്കെയിലിൽ നിയമിതരായ പുനലൂർ എസ് എൻ കോളേജിലെ അദ്ധ്യാപകരായ ശ്രീ. ബൈജു എസ്, ശ്രീ അനിൽ കുമാർ എസ് എന്നിവർ അടിസ്ഥാന ശമ്പളം യു.ജി സി സ്കെയിലേക്ക് ഉയർത്തി കിട്ടുന്നതിലേക്കായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ ഹൈക്കോടതി വിധിക്കെതിരെ കോളേജ് വിദ്യാഭ്യാസ വകുപ്പ് അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

| | |
|---|---|
| (സി) 231 പേരുടെ നിയമനത്തിന് ആധാരമായ ഉത്തരവ് ഇവർക്ക് ബാധകമല്ലാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) സ്റ്റേറ്റ് സ്കെയിലിൽ നിയമിതരായ അദ്ധ്യാപകരുടെ അടിസ്ഥാന ശമ്പളം യു.ജി സി സ്കെയിലിൽ ഉയർത്തി നൽകുന്നതിലേക്കായി പ്രത്യേക ഉത്തരവുകളൊന്നും തന്നെ സർക്കാർ ഇറക്കിയിട്ടില്ല. എന്നാൽ ഏതെങ്കിലും സർക്കാർ ഉത്തരവുകളുടെ പിൻബലമില്ലാതെ ചില കോളേജ് അദ്ധ്യാപകർക്ക് അടിസ്ഥാന ശമ്പളം യു.ജി സി സ്കെയിലിൽ ഉയർത്തികൊടുത്തു എന്ന ആരോപണം സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ഡി) പ്രസ്തുത കേസ് തീർപ്പാക്കുവാൻ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) പ്രസ്തുത കേസിലെ അന്തിമവിധി ബഹു. ഹൈക്കോടതി പ്രഖ്യാപിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ